# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 04/2023
# 23.07.2023 എ.കെ.ജി.സി ടി ഭവൻ തിരുവനന്തപുരം.

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ജില്ലാ റിപ്പോർട്ടിംഗ്
4. മെമ്പർഷിപ്പ് യൂണിറ്റ് വിസിറ്റ്
5. മാധ്യമ സെമിനാർ
6. അവാർഡ് ജേതാക്കളെ ആദരിക്കൽ
7. ഐഫെക്ടോ പ്രക്ഷോഭം
8. വിവിധ സബ് കമ്മറ്റികൾ
9. ആവശ്യമായ മറ്റുകാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ.ഗീതാ നമ്പ്യാർ എം.കെ, സന്തോഷ് ടി വർഗ്ഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. എം. എസ്. മുരളി, രഘുദാസ് പി വി., ശശി സി. ടി, ഡോ. സുമി ജോയി ഓലിയപുറം, ഡോ. ടി. എ. ആനന്ദ്,ഡോ.ദിനേശ് കുമാർ, ഡോ. കെ. മാണിക്യരാജ്, ഡോ.എ.ബാലകൃഷ്ണൻ, ഡോ. രഞ്ജിത് മോഹൻ പി.,. അനൂപ് ജെ ആലക്കപ്പള്ളി, ആൽബർട്ട് ആന്റണി, രജിത സി.ആർ., ഡോ. വിഷ്ണു വി. എസ്., ഡോ.എം.എ.അസ്കർ, സജിത്കുമാർ പി, സൗമ്യ.എസ്, ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. ഷാനവാസ് പി. എച്., ഡോ. ഗായത്രിദേവി, ഡോ. റോസ്നിക്സ് പി.കെ, സുശാന്ത് പി., സോബിൻ വർഗ്ഗീസ്, ഡോ. ഉദയകുമാർ, ഡോ. മുഹമ്മദ് ബഷീർ കെ. കെ., ഡോ. മഞ്ജുള കെ. പി., ഡോ. സുജ റ്റി. വി, ഡോ. പ്രിൻസ് പി. ആർ, ഡോ.അജി പി. എൽ, ഡോ. സെനോ ജോസ്, ഡോ.സി .പി ബേബി ഷീബ, എം. സി. രാജു, ഡോ. പ്രദീപ് കുമാർ, ഡോ. കെ. റഹിം.

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന ട്രഷറർ ഡോ.എൻ.മനോജ് ആധ്യക്ഷ്യം വഹിച്ചു.സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.ഗീതാനമ്പ്യാർ എം. കെ. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി, ആർട്ടിസ്റ്റ് നമ്പൂതിരി, സാഹിത്യകാരി ദേവകി നിലയങ്ങാട്, പ്രശസ്ത നടൻ പൂജപ്പുര രവി, സി.പി.ഐ.എം പാലക്കാട് ജില്ലാ സെക്രട്ടറിയേറ്റ് അംഗം സ. എൻ. ഉണ്ണികൃഷ്ണൻ,മണിപ്പുരിൽ വർഗ്ഗീയ കലാപത്തിൽ അതിക്രൂരമായി കൊല്ലപ്പെട്ട കുഞ്ഞുങ്ങളും സ്ത്രീകളും അടക്കമുള്ളവർ എന്നിവരുടെ വേർപാടിൽ സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് അർഹരായ മുഴുവൻ ആൾക്കാരേയും ഉൾപ്പെടുത്തി ജൂലൈ 25 ന് ഡി.പി.സി. ചേരുന്നതാണ് ഇതേ തുടർന്ന് എത്രയും വേഗം പ്രിൻസിപ്പൽ നിയമനം നടത്തുന്നതുമാണ്.

പ്രൊഫസർ നിയമനം സംബന്ധിച്ച് 30.05.2023ന് മുൻപ് സ്ക്രീനിംഗ് നടക്കാത്ത 6 വിഷയങ്ങളിൽ ഇസ്ലാമിക് ഹിസ്റ്ററി ഒഴികെ 5 വിഷയങ്ങളുടെ സ്ക്രീനിംഗ് നടപടികൾ പൂർത്തിയായി എത്രയും വേഗം ഉത്തരവ് ഇറങ്ങുന്നതാണ്. പുതുതായി പ്രൊഫസർഷിപ്പിന്റെ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനും മാർഗ്ഗരേഖയും എത്രയും വേഗം ഇറങ്ങുന്നതാണ്.പൊതു സ്ഥലം മാറ്റത്തിന്റെ ഉത്തരവ് ഇറങ്ങുകയും, പരാതികളിൽ ആവശ്യമായ ഇടപെടൽ നടത്താനും നമുക്ക് സാധിച്ചിട്ടുണ്ട്. അറബിക് അധ്യാപകരുടെ വിഷയത്തിൽ അവരുടെ താൽക്കാലിക സർവീസ് പരിഗണിക്കില്ല എന്നതാണ് സർക്കാർ നിലപാട് ഇതിൽ നിയമ വിദഗ്ദ്ധരുമായി ആലോചിച്ച് നിയമ നടപടി സ്വീകരിക്കുന്നതാണ് ഉചിതം.

സംഗീത കോളേജ് അധ്യാപകരുടെ യു.ജി.സി വിഷയത്തിൽ യോഗ്യരായ അധ്യാപകരുടെ വിവരശേഖരണം സർക്കാർ നടത്തിവരുന്നു. ഇതിൽ സംഘടന വേണ്ട ഇടപെടൽ നടത്തുന്നതാണ്.പ്ലെയ്സ്മെന്റ് ലഭിച്ച അധ്യാപകർക്ക് പേസ്ലിപ്പ് ലഭിക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കാലതാമസം നേരിടുന്ന വിഷയത്തിൽ സംഘടന നടത്തിയ ഇടപെടലിന്റെ ഫലമായി ഇതിന്റെ ചുമതല അഡീഷണൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്ലെയ്സ്മെന്റ് സംബന്ധിച്ച് മുടങ്ങി കിടന്ന മുഴുവൻ പ്രശ്നങ്ങളും പരിഹരിച്ചു. സർവ്വീസ് സംബന്ധമായ കാര്യങ്ങൾക്ക് സർവീസ് സെല്ലിലെ ചുമതലയുള്ള വ്യക്തികളെ വേണം ബന്ധപ്പെടാൻ. ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് എ.കെ.ജി.സി.ടിയും, എ.കെ.ജി സി.ആർ.ടിയും സംയുക്തമായി 22-07-2023ന് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ സംഘടിപ്പിച്ച സെമിനാർ പങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും മികവുറ്റതായിരുന്നു. നാലു വർഷ ഡിഗ്രി കോഴ്സിന്റ നടത്തിപ്പുമായി ബന്ധപ്പെട്ട് സംഘടന ശില്പശാല നടത്തുകയും ഇതേ തുടർന്ന് വരും ദിനങ്ങളിൽ റിപ്പോർട്ട് ക്രോഡീകരിച്ച് ബന്ധപ്പട്ട വകുപ്പുമായി ആശയവിനിമയം നടത്തി ആശങ്കകൾ ഇല്ലാതാക്കാൻ വേണ്ട തുടർ ഇടപെടലുകൾ നടത്തുന്നതാണ്.

മെമ്പർഷിപ്പ് പ്രവർത്തനം യൂണിറ്റുകളിൽ കാര്യക്ഷമ മാക്കണം.യൂണിറ്റ് വിസിറ്റ്, ഐഫെക്ടോ പ്രക്ഷോഭം എന്നിവ സംബന്ധിച്ച് ഇന്ന് തീരുമാനമെടുക്കേണ്ടതുണ്ട്. ഡി.എ., യു.ജി.സി. അരിയർ, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് വിഷയങ്ങളിൽ നാം വീണ്ടും സജീവ ഇടപെടൽ നടത്തേണ്ടതുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും അജണ്ടകളിമേൽ വിശദമായ ചർച്ചയും നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. മെമ്പർഷിപ്പ് പ്രർത്തനം എത്രയും വേഗം പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.
2. യൂണിറ്റ് വിസിറ്റ് ആഗസ്റ്റ് 7 സെപ്റ്റംബർ 10 തീയ്യതിക്കുള്ളിൽ നടത്തുവാൻ തീരുമാനിച്ചു. യൂണിറ്റ് വിസിറ്റിന് താഴെ പറയും പ്രകാരം ചുമതല നൽകി.
   - തിരുവനന്തപുരം - ഡോ. മുഹമ്മദ് റഫീഖ്.ടി, ശശി.സി.ടി., രഘുദാസ് പി. വി.
   - കൊല്ലം - ഡോ. എം. എസ്. മുരളി, സൗമ്യ,
   - ആലപ്പുഴ - ഡോ.എം. എസ്. മുരളി, ഡോ. ഗായത്രിദേവി,
   - കോട്ടയം - ഡോ. വിനു ഭാസ്കർ, ഡോ. സുമി ജോയി ഓലിയപ്പുറം,
   - ഇടുക്കി - സന്തോഷ് ടി വർഗ്ഗീസ്, ഡോ.വിഷ്ണു വി. എസ്.,
   - എറണാകുളം - ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ആർ. പ്രഗാഷ്,
   - തൃശ്ശൂർ - ഡോ. ഗീതാനമ്പ്യാർ എം. കെ., ഡോ. സഞ്ജയ് കുമാർ,
   - മലപ്പുറം – ശശി സി. ടി, ഡോ. ബേബി ഷീബ,
   - പാലക്കാട് - ഡോ. എൻ. മനോജ്, സോബിൻ വർഗ്ഗീസ്, സജിത്കുമാർ,

- കോഴിക്കോട് - ഡോ. എൻ. മനോജ് ഡോ.അശോക് എം., ഡോ. അജി പി. എൽ.,
- വയനാട് - സന്തോഷ് ടി വർഗ്ഗീസ്, ഡോ. മഞ്ജുള
- കണ്ണൂർ - ഡോ. വിനു ഭാസ്കർ, ഡോ.എ. ബാലകൃഷ്ണൻ,
- കാസർഗോഡ് - രഘുദാസ് പി. വി., ഡോ. സുശാന്ത്

3. മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി., അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം, നമുക്ക് ലഭിക്കാനുള്ള ഡി.എ., യു.ജി.സി അരിയർ, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ്, എൻ.പി.എസ്. വിഷയത്തിൽ സംഘടന വീണ്ടും ആവശ്യമായ ഇടപെടൽ നടത്തും.
4. ആഗസ്റ്റ് 5ന് എ.കെ.ജി.സി.ടി ഭവനിൽ വെച്ച് സംസ്ഥാന വനിതാ സബ് കമ്മറ്റിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും, ഏകദിന ക്യാമ്പും നടക്കും.
5. കേന്ദ്ര സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസനയത്തിനും, വിദ്യാഭ്യാസ മേഖലയുടെ വർഗ്ഗീയ-കോർപ്പറേറ്റ് നയത്തിനെതിരെയും ആഗസ്റ്റ് 1ന് സംസ്ഥാന തലത്തിൽ നടക്കുന്ന പ്രക്ഷോഭം വിജയിപ്പിക്കുവാനും സെപ്റ്റംബർ 13ന് രാജ്യ തലസ്ഥാനത്ത് നടക്കുന്ന പ്രക്ഷോഭ പരിപാടിയിൽ സംഘടനയെ പ്രതിനിധീകരിച്ച് താഴെ പറയുന്ന അംഗങ്ങളെ പങ്കെടുപ്പിക്കുവാനും തീരുമാനിച്ചു.

   ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാ നമ്പ്യാർ എം. കെ, സന്തോഷ് ടി. വർഗ്ഗീസ് ഡോ. എം. എസ്. മുരളി, ഡോ. ഷജിലാ ബീവി, ആസിഫ് ഇക്ബാൽ, ഡോ. ബേബി ഷീബ, ഡോ. സുനിതാ ഗണേഷ്, ഡോ. സുമി ജോയി ഓലിയപ്പുറം, സോബിൻ വർഗ്ഗീസ്, ഡോ. ഷാനവാസ് പി. എച്.
6. സംഘടനാ ഓഫീസിന്റെ നവീകരണ പ്രവർത്തനം നടത്തുവാനും റൂമുകളിലും ഹാളിലും എ.സി വെക്കുവാനും ഇതിനു ശേഷം പുറത്ത് നിന്നും വന്ന് താമസിക്കുന്ന അംഗങ്ങളിൽ നിന്നും 300 രൂപ ചാർജ്ജ് ഈടാക്കാനും തീരുമാനിച്ചു.
7. കൊടുവള്ളി കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച വിഷയത്തിൽ സംഘടന ഇടപെടും.
8. കണ്ണൂർ സർവകലാശാല ഗവേഷണ വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.
9. മണിപ്പൂർ കലാപവിഷയത്തിൽ ജൂലൈ 27ന് സംസ്ഥാനത്തെ എല്ലാ യൂണിറ്റുകളിലും പ്രതിഷേധ പ്രകടനവും യോഗവും ചേരാൻ തീരുമാനിച്ചു.
10. കോളേജുകളിൽ പഞ്ചിഗ് ഏർപ്പെടുത്തുന്ന വിഷയം ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിക്ക് കത്ത് നൽകാൻ തീരുമാനിച്ചു.
11. ഫിസിക്കൽ എഡ്യുക്കേഷൻ വിദ്യാത്ഥികളുടെ ബത്ത, എസ്.സി./ എസ്.ടി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വിഷയം എന്നിവയിൽ വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചു..
12. സ്പെഷ്യൽ റൂൾഭേദഗതി, പൊതു സ്ഥലം മാറ്റത്തിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിക്കൽ വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തും.

യോഗം 5 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
24-07-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി